പുതിയ റോഡുകൾ

462 [654] ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം പുതിയ റോഡുകൾ ഏറ്റെടുക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര എണ്ണം ; എവിടെയെല്ലാം ?

ഉത്തരം

(എ, ബി) ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെയായി 21 റോഡുകൾ ഏറ്റെടുക്കുവാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷത്തിൽ ധനലഭ്യതയ്ക്ക് വിധേയമായി മാത്രമേ പുതിയ റോഡുകൾ ഏറ്റെടുക്കുന്ന കാര്യം പരിഗണിക്കുവാൻ കഴിയുകയുള്ളു.

സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം നിറുത്തൽ ചെയ്ത പൊതുമരാമത്ത് പണികൾ

463 [655] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റോഡുകൾ, പാലങ്ങൾ, കലുങ്കുകൾ, തോടുകൾ മുതലായ എല്ലാ വികസന പ്രവർത്തനങ്ങളും, സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം നിർത്തൽ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ എത്രകോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ ഇതിനകം നിർത്തൽ ചെയ്തിട്ടുണ്ടെന്നും അവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ എത്രയെന്നും വ്യക്തമാക്കുമോ ;

(സി) മുടങ്ങി കിടക്കുന്ന വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

കുട്ടിക്കാനം-ഏലപ്പാറ-കട്ടപ്പന റോഡിന്റെ പണി

464 [657] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടിക്കാനം-ഏലപ്പാറ-കട്ടപ്പന റോഡിന്റെ പണി തുടങ്ങാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) പണി തുടങ്ങുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കുട്ടിക്കാനം-ഏലപ്പാറ-കട്ടപ്പന റോഡിലെ 12 കിലോമീറ്റർ ദൂരം മോശമായ നിലയിലാണ്. 1985-ലെ ഫ്ളഡ് റിലീഫ് സ്കീമിൽ ഉൾപ്പെട്ട ഈ ഭാഗത്ത് ഒന്നര കിലോമീറ്റർ ദൂരം മെയിന്റനൻസ് പണി പൂർത്തിയായി. ശേഷിച്ച ഭാഗങ്ങളിൽ പണി നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly